# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

കേരള സസ്റ്റയിനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ട്

3281 ശ്രീ. ഹൈബി ഈഡൻ
'' അൻവർ സാദത്ത്
'' എ. റ്റി. ജോർജ്
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സസ്റ്റയിനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) നഗരവികസനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് വേണ്ടി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിന്റെ കീഴിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

<u>രാജീവ് ആവാസ് യോജന</u>

3282 ശ്രീ. ബെന്നി ബെഹനാൻ
,, സണ്ണി ജോസഫ്
,, വർക്കല കഹാർ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജീവ് ആവാസ് യോജനയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) കേരളത്തെ ചേരിരഹിത സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം ഘടകങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എവിടെയെല്ലാം ഈ പദ്ധതി നടപ്പാക്കിവരുന്നുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>നിർമൽ ഭാരത് അഭിയാൻ</u>

3283 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമൽ ഭാരത് അഭിയാന്റെ രണ്ടാം ഘട്ട പ്രവൃത്തികൾക്കായി കേന്ദ്രം ഇതിനകം എന്തു തുക സംസ്ഥാനത്തിനു നൽകിയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തുകയിൽ നടപ്പു സാമ്പത്തിക വർഷം എന്തു തുക ചെലവഴിച്ചെന്ന് വിശദമാക്കാമോ;

(സി) ജില്ലാ ശുചിത്വ മിഷൻ ആഫീസുകളിൽ ഏതൊക്കെ ജില്ലയിൽ നിലവിൽ സ്ഥിരം കോ-ഓർഡിനേറ്റർമാരുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) മറ്റു ജില്ലകളിൽ എത്ര മാസക്കാലമായി കോ-ഓർഡിനേറ്റർമാരുടെ തസ്തിക ഒഴിഞ്ഞുകിടപ്പുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

ജില്ലാ ആസ്ഥാനമായി പ്രവർത്തിക്കുന്ന നഗരസഭയിലെ റോഡുകളുടെ മെയിന്റനൻസിനായി തുക അനുവദിക്കുന്നത്

3284 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആസ്ഥാനമായി പ്രവർത്തിക്കുന്ന നഗരസഭയിലെ റോഡുകളുടെ മെയിന്റനൻസിനായി തുക അനുവദിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം നഗരസഭകൾക്ക് ഇപ്രകാരം തുക നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>പുതിയ നഗരസഭകളുടെയും കോർപ്പറേഷനുകളുടെയും രൂപീകരണം</u>

3285 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ നഗരസഭകളും കോർപ്പറേഷനുകളും രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ഏതെല്ലാം നഗരസഭകളും കോർപ്പറേഷനുകളും രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) പുതിയ നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവ രൂപീകരിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

നഗരസഭകളുടെ ഗ്രേഡ് ഉയർത്തുന്നതിനുള്ള നടപടി

3286 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെ ഗ്രേഡ് ഉയർത്തുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം നഗരസഭകൾ പ്രസ്തുത പ്രൊപ്പോസലിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>നഗരസഭകൾക്ക് വിഭവസമാഹരണത്തിന് പദ്ധതി</u>

3287 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന ഭൗതിക സൗകര്യ വികസനത്തിന് പണമില്ലാതെ വികസനപദ്ധതികളിൽ മുരടിപ്പ് അനുഭവിക്കുന്ന നഗരസഭകൾക്ക് വിഭവസമാഹരണത്തിന് ഊന്നൽ നൽകുന്നതിനായി ഏതെങ്കിലും പദ്ധതികൾ പുതുതായി ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നഗരസഭകളുടെ സ്ഥിരവരുമാനവും ആസ്തിയും വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് അവ സ്വതന്ത്രമായി നടപ്പാക്കുവാൻ നഗരസഭകൾക്ക് അധികാരം നൽകുംവിധം നയങ്ങളിൽ മാറ്റം വരുത്താൻ തയ്യാറാകുമോ;

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ശുചിത്വ കേരളം പദ്ധതി</u>

3288 ശ്രീ. സണ്ണി ജോസഫ്
,, എം. പി. വിന്‍സെന്റ്
,, ബെന്നി ബെഹനാന്‍
,, പി. എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ശുചിത്വ കേരളം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് പ്രസ്തുത പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) എന്തെല്ലാം പരിപാടികളാണ് ഈ പദ്ധതി പ്രകാരം ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

<u>ശുചിത്വകേരളം പദ്ധതി</u>

3289 ശ്രീ. മാത്യു റ്റി. തോമസ്
,, സി.കെ. നാണു
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ഒക്ടോബർ 2 മുതലുള്ള ഒരു വർഷക്കാലം നീണ്ടു നിന്ന ശുചിത്വകേരളം എന്ന പദ്ധതിയുടെ നടപ്പിലാക്കൽ സംബന്ധിച്ച് സർവ്വകക്ഷിയോഗം ചർച്ച ചെയ്തിരുന്നുവോ; വിശദമാക്കുമോ;

(ബി) പ്രതിപക്ഷ സഹകരണം ഉറപ്പുനൽകിയ പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പൂർത്തീകരിക്കുവാൻ ബാക്കിയുള്ള പദ്ധതികൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

<u>നഗരങ്ങളിലെ ആധുനിക മാലിന്യ സംസ്കരണ പ്ലാന്റുകളിൽ നിന്നും വൈദ്യുതി</u>

3290 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. അച്ചുതൻ
,, ആർ. സെൽവരാജ്
,, എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ആധുനിക മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) ഈ പ്ലാന്റുകളുടെ സവിശേഷതകൾ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) ഈ പ്ലാന്റുകളുടെ പ്രവർത്തനത്തിനുള്ള ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ഡി) ഈ പ്ലാന്റുകളിൽനിന്ന് വൈദ്യുതി ഉത്പ്പാദിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉത്പ്പാദിപ്പിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

<u>മാലിന്യ സംസ്കരണ കമ്പനി</u>

3291 ശ്രീ.അൻവർ സാദത്ത്
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യ സംസ്കരണ കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കമ്പനിയുടെ ഷെയറുകൾ സംബന്ധിച്ച് വിശദാംശങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) കമ്പനിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>പ്രധാന നഗരങ്ങളിൽ പി.പി.പി. അടിസ്ഥാനത്തിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ</u>

3292 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യ നിർമ്മാർജ്ജനത്തിനായി തിരുവനന്തപുരം, എറണാകുളം, കോട്ടയം, കോഴിക്കോട് എന്നീ നഗരങ്ങളിൽ ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ വൻകിട മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ പി. പി. പി. അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതാണ് എന്ന പ്രഖ്യാപനം നടപ്പാക്കിയോ ;

(ബി) ഏതെല്ലാം നഗരങ്ങളിലാണ് ഇത്തരത്തിൽ പ്ലാന്റുകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളത് എന്നറിയിക്കാമോ ;

(സി) ഇതിലേയ്ക്കായി എന്ത് തുക 2012-2013 ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു ; എത്ര തുക ചെലവഴിക്കാൻ സാധിച്ചുവെന്ന് അറിയിക്കാമോ ?

**കേരള നിയമസഭ**
**29.01.2014-ലെ മറുപടിക്ക്**

നഗരങ്ങളിലെ മലിനജല സംസ്ക്കരണ പ്ലാന്റുകൾ

3293 ശ്രീ. എ. റ്റി. ജോർജ്
'' വർക്കല കഹാർ
'' സി. പി. മുഹമ്മദ്
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ മലിനജല സംസ്ക്കരണ പ്ലാന്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നഗരങ്ങളിലെ മലിനജലം സംസ്ക്കരിക്കുവാൻ എന്തെല്ലാം നടപടികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏത് പദ്ധതിയുടെ ഭാഗമായാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിക്ക് സഹായം നൽകുന്നത്; വിശദാംശങ്ങൽ എന്തെല്ലാം;

(ഇ) പദ്ധതിക്കായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

ബയോഗ്യാസ് സ്ഥാപിക്കുന്നവർക്ക് വീട്ടുകരത്തിൽ ഇളവ്

3294 ശ്രീ. ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന വീട്ടുടമകൾക്ക് വീട്ടുകരത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഇളവ് നൽകുന്നത് സംബന്ധിച്ച് വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വീടുകളിലെ വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് ഇളവ് അനുവദിക്കുന്നത് എത്രത്തോളം സഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) കമ്പോസ്റ്റ് നിർമ്മാണം, മാലിന്യ സംസ്കരണം എന്നിവ കൃത്യമായി പ്രവർത്തിക്കുന്നോ എന്ന് പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ ആനുകൂല്യങ്ങൾക്ക് ആധാർ നിർബന്ധമാക്കുന്നത്

3295 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വിവിധ തരത്തിലുള്ള സർക്കാർ സഹായങ്ങൾ കൈപ്പറ്റുന്നതിന് ആധാർ നിർബന്ധമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പ്രത്യേകിച്ചും തിരുവനന്തപുരം കോർപ്പറേഷൻ ആധാർ നിർബന്ധമാക്കി പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ സർക്കാർ നിർദ്ദേശമില്ലാതെ സർക്കാർ ആനുകൂല്യങ്ങൾക്ക് ആധാർ നിർബന്ധമാക്കിയ പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

<u>ചേർത്തല നഗരസഭയുടെ കീഴിൽ പ്രവർത്തിച്ചിരുന്ന മാതൃ-ശിശുസംരക്ഷണകേന്ദ്രങ്ങൾ</u>

3296 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല നഗരസഭയുടെ കീഴിൽ പ്രവർത്തിച്ചിരുന്ന മാതൃ-ശിശുസംരക്ഷണകേന്ദ്രങ്ങളുടെ പ്രവർത്തനം നിലച്ചതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കുവാനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത മാതൃ-ശിശുസംരക്ഷണകേന്ദ്രങ്ങൾ പ്രവർത്തനക്ഷമമായിരുന്നെങ്കിൽ താലൂക്ക് ആശുപത്രിയിലെ ക്രമാതീതമായ തിരക്ക് ഒഴിവാക്കാമായിരുന്നുവെന്നു കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ചേർത്തല നഗരസഭാപ്രദേശങ്ങളിൽ മുമ്പു പ്രവർത്തിച്ചിരുന്ന മാതൃ-ശിശുസംരക്ഷണകേന്ദ്രങ്ങൾ വീണ്ടും പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) നഗരസഭ ഇതിനു തയ്യാറല്ലെങ്കിൽ ആരോഗ്യവകുപ്പിനെക്കൊണ്ട് ഈ സ്ഥാപനങ്ങൾ തുടർന്നു പ്രവർത്തിപ്പിക്കുവാൻ സംവിധാനം ഒരുക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കായംകുളം നഗരസഭ നടപ്പിലാക്കിയ പ്രവൃത്തികൾ</u>

3297 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം നഗരസഭ വിവിധ പദ്ധതികൾ ഉൾപ്പെടുത്തി 2010-2011, 2011-2012, 2012-2013 വർഷങ്ങളിൽ നടപ്പാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും പൂർത്തീകരിച്ച പ്രവൃത്തികൾ, നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ എന്നിവ ഏതൊക്കെയെന്നും ഇനം തിരിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കായംകുളം സഹകരണ ബാങ്കിന് ഇ.എം.എസ്. ഭവനപദ്ധതിയ്ക്കുള്ള വായ്പാ തുകയുടെ പലിശ നൽകുവാൻ നടപടി</u>

3298

ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കായംകുളം സഹകരണ ബാങ്ക് (ക്ലിപ്തം) നം.എ.421 ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കുന്നതിലേക്ക് നൽകിയിട്ടുള്ള വായ്പാ തുകയുടെ പലിശ കരാർ പ്രകാരം സർക്കാർ നേരിട്ട് നൽകുന്നതിൽ വീഴ്ച വരുത്തി എന്ന ബാങ്കിന്റെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഷയത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

രാസപദാർത്ഥങ്ങൾ ചേർത്ത മത്സ്യങ്ങൾ വിൽക്കുന്നതായി പരാതി

3299 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ മത്സ്യമാർക്കറ്റുകളിലും, മത്സ്യ സംസ്കരണ കേന്ദ്രങ്ങളിലും മത്സ്യങ്ങൾ കേടുവരാതിരിക്കുന്നതിനായി ആരോഗ്യത്തിന് ഹാനികരമായ വിധത്തിൽ രാസ പദാർത്ഥങ്ങൾ ചേർക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിനായി കോർപ്പറേഷൻ ഹെൽത്ത് വിഭാഗം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

കൊയിലാണ്ടി നഗരസഭയിലെ വെറ്റിനറി
സര്‍വ്വകലാശാലാ ഉപകേന്ദ്രം

3300 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊയിലാണ്ടി നഗരസഭയില്‍ നഗരസഭ ഏറ്റെടുത്ത ഭൂമിയില്‍ വെറ്റിനറി സര്‍വ്വകലാശാലാ ഉപകേന്ദ്രം തുടങ്ങുന്നത് സംബന്ധിച്ച പദ്ധതി നടപടി ഇപ്പോള്‍ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) വിഷയം കണ്‍സള്‍ട്ടേറ്റീവ് ആന്റ് കോ-ഓര്‍ഡിനേഷന്‍ കമ്മിറ്റി മുന്‍പാകെ അഭിപ്രായത്തിനായി സമര്‍പ്പിച്ചിട്ടുള്ളതാണോ;

(സി) പ്രസ്തുത വിഷയത്തില്‍ നടപടികള്‍ പൂര്‍ത്തിയാക്കി പദ്ധതി നടപ്പില്‍വരുത്താന്‍ സ്വീകരിക്കുന്ന നടപടികള്‍ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>മുനിസിപ്പാലിറ്റികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പദ്ധതി</u>

3301 ശ്രീ. സി. പി. മുഹമ്മദ്
'' വി.റ്റി. ബൽറാം
'' ആർ. സെൽവരാജ്
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര മുനിസിപ്പാലിറ്റികളാണ് പ്രസ്തുത പദ്ധതി അനുസരിച്ച് നടപടികൾ കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ

3302 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം നഗരങ്ങളുടെ മാസറ്റർ പ്ലാനുകൾ പൂർത്തിയായിട്ടുണ്ട്; വിശദവിവരം നൽകാമോ;

(സി) പെരുമ്പാവൂർ മാസ്റ്റർ പ്ലാനിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>നഗരങ്ങളുടെയും കോർപ്പറേഷനുകളുടെയും മാസ്റ്റർ പ്ലാൻ</u>

3303 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെയും കോർപ്പറേഷനുകളുടെയും സമഗ്ര വികസനം ലക്ഷ്യംവെച്ച് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന നടപടികൾ പൂർത്തിയായോ; ഇല്ലെങ്കിൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഏതൊക്കെ നഗരസഭകളുടെയും കോർപ്പറേഷനുകളുടെയും മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന നടപടികളാണ് നടന്നുവരുന്നത്;

(സി) എത്ര വർഷത്തെ വികസന ലക്ഷ്യം കണക്കിലെടുത്താണ് നഗരങ്ങളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**29.01.2014-ലെ മറുപടിക്ക്**

<u>ബിൽഡിംഗ് പ്ലാനുകളുടെ അംഗീകാരം</u>

3304 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചീഫ് ടൗൺ പ്ലാനറുടെ അംഗീകാരം ആവശ്യമായി വരുന്നത് എത്ര വിസ്തീർണ്ണവും, നിലകളും വരുന്ന കെട്ടിടങ്ങൾക്കാണ് ; വിശദമാക്കുമോ ;

(ബി) ജില്ലാ ടൗൺ പ്ലാനർ പരിശോധിച്ച് അംഗീകരിച്ച് ചീഫ് ടൗൺ പ്ലാനർക്ക് സമർപ്പിക്കുന്ന ബിൽഡിംഗ് പ്ലാനുകളിലെ ന്യൂനതകൾ പരിഹരിക്കാൻ എന്ത് നടപടിയാണ് സി. ടി. പി. സ്വീകരിച്ചുവരുന്നത് ;

(സി) ന്യൂനതകൾ കണ്ടെത്തിയാൽ പ്ലാനുകൾ അപ്പാടെ തിരിച്ചയയ്ക്കുന്ന സി. ടി. പി. യുടെ നടപടി വലിയ കാലവിളംബത്തിന് ഇടവരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പകരം, സി. ടി. പി. ഓഫീസിൽ അപേക്ഷകനെ വിളിച്ചുവരുത്തി ന്യൂനതകൾ ബോധ്യപ്പെടുത്തി പ്ലാനുകൾക്ക് അംഗീകാരം നല്കി, കാലവിളംബം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

തിരുവനന്തപുരം നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ

3305 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ സംബന്ധിച്ച ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതിയായ 6.6.2013 വരെ എത്ര പരാതികൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ആക്ഷേപങ്ങളിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) കരട് മാസ്റ്റർ പ്ലാൻ ആക്ഷേപങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിന് വിദഗ്ദ്ധ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എക്സ്പർട്ട് കമ്മിറ്റി അംഗങ്ങൾ ആരൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ അഭിപ്രായത്തിന്മേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) കരട് മാസ്റ്റർ പ്ലാനിന് സർക്കാർ അനുമതി നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; മാസ്റ്റർ പ്ലാൻ എന്ന് പൂർണ്ണമായും പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

ആറ്റുകാൽ വികസന പദ്ധതി പ്രദേശത്ത് 'ട്രിഡ' നടപ്പിലാക്കിയ പദ്ധതികൾ

3306 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആറ്റുകാൽ വികസന പദ്ധതി പ്രദേശത്ത് ട്രിഡയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ പേര്, പദ്ധതികൾക്ക് വിനിയോഗിച്ച തുക, ഉൾപ്പെടുന്ന വാർഡ്, നടപ്പിലാക്കിയ തീയതി തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

ഡ്രൈവർ ഗ്രേഡ് -2 എൽ.ഡി.വി. തസ്തിക

3307 ശ്രീമതി കെ.കെ.ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരകാര്യ വകുപ്പിന് കീഴിൽ വരുന്ന വികസന അതോറിറ്റികൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലായി ഡ്രൈവർ ഗ്രേഡ് -2 എൽ.ഡി.വി. യുടെ എത്ര വീതം തസ്തികകൾ ഉണ്ടെന്നും അവയിൽ ഓരോന്നിലും എത്ര ഒഴിവുകൾ വീതമുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ എത്ര വീതം ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമ വകുപ്പ് വിതരണം ചെയ്ത ആനുകൂല്യങ്ങൾ</u>

3308

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകൃതമായ ശേഷം എത്ര രൂപയ്ക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തു; ഏതെല്ലാം പദ്ധതികളിലായാണ് തുക വിതരണം ചെയ്തത്;

(ബി) 2013 -2014 സാമ്പത്തിക വർഷത്തിൽ എത്ര തുക വകയിരുത്തി; ഏതെല്ലാം പദ്ധതികളിലായാണ് തുക വകയിരുത്തിയത്; പുതിയ ഏതെങ്കിലും പദ്ധതി ആവിഷ്ക്കരിക്കുവാനോ നടപ്പിലാക്കുവാനോ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) 2014 ജനുവരി 1 വരെയുള്ള എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് നൽകാമോ; ഓരോ പദ്ധതിയ്ക്കും വകയിരുത്തിയ തുക വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**29.01.2014-ലെ മറുപടിക്ക്**

<u>ന്യൂനപക്ഷ പ്രമോട്ടർമാരുടെ ഓണറേറിയം</u>

3309 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ പദ്ധതികൾ ക്രോഡീകരിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ അവ ക്രിയാത്മകമായി നടപ്പാക്കുന്നതിനും എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ന്യൂനപക്ഷ പ്രമോട്ടർമാരെ നിയമിച്ചിട്ടുള്ളത്;

(ബി) ഇനിയും എത്ര പഞ്ചായത്തുകളിൽ/നഗരസഭകളിൽ ഇവരെ നിയമിക്കാനുണ്ട്;

(സി) നിയമിക്കപ്പെട്ടവർക്ക് ഒരു വർഷം കഴിഞ്ഞിട്ടും ഓണറേറിയം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഓണറേറിയം പൂർണ്ണമായും എന്ന് വിതരണം ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ പരിധിയിൽ ഉൾപ്പെടുന്ന വിഭാഗങ്ങൾ</u>

3310 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമവകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുമ്പോഴും ആയതിന് രൂപം നൽകുമ്പോഴും അതിലുൾപ്പെടുന്ന ഓരോ വിഭാഗത്തിന്റേയും പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുക്കാറുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിക്കുന്ന മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഓരോ വിഭാഗങ്ങൾക്കായി നൽകിയ സേവനങ്ങളുടെ വിശദാംശം നൽകുമോ;

(സി) ഇപ്രകാരം ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും ഓരോ വിഭാഗങ്ങളിലേയ്ക്കും പദ്ധതികളുടെ വിശദാംശങ്ങൾ എത്തിയ്ക്കുന്നതിനും എന്തെല്ലാം നടപടികളാണ് പ്രസ്തുത വകുപ്പ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

ഏറനാട് മണ്ഡലത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കോച്ചിംഗ് സെന്ററുകൾ

3311 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ എവിടെയെല്ലാമാണ് കോച്ചിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഏറനാട് നിയോജകമണ്ഡലത്തിൽ എവിടെയാണ് കോച്ചിംഗ് സെന്റർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്; അറിയിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമവകുപ്പിലെ ജീവനക്കാരുടെ എണ്ണം</u>

3312 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമവകുപ്പിൽ നിലവിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ എണ്ണം എത്ര;

(ബി) ഇതിൽ സ്ഥിരം ജീവനക്കാരെത്ര; ദിവസ വേതനക്കാർ എത്ര; ഓരോ വിഭാഗത്തിലുള്ളവരുടെയും കണക്ക് വ്യക്തമാക്കുമോ;

(സി) കരാർ അടിസ്ഥാനത്തിൽ ജീവനക്കാർ ജോലി ചെയ്തു വരുന്നുണ്ടോ;

(ഡി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>മദ്രസാ അദ്ധ്യാപക ക്ഷേമനിധി പദ്ധതി</u>

3313 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലെ മദ്രസാ അദ്ധ്യാപക ക്ഷേമനിധി പദ്ധതി ആകർഷകമല്ലാത്തതിനാൽ, മദ്രസാ അദ്ധ്യാപകർ അംഗത്വമെടുക്കാൻ വൈമനസ്യം കാണിക്കുന്നതു പരിഗണിച്ച് പ്രസ്തുത പദ്ധതിയിൽ കൂടുതൽ ആനുകൂല്യങ്ങൾ ഉൾപ്പെടുത്തി ആകർഷകമാക്കുന്നതിനും, എല്ലാ മദ്രസാ അദ്ധ്യാപകരെയും പദ്ധതിയിൻ കീഴിൽ കൊണ്ടുവരുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പദ്ധതി ആവിഷ്ക്കരിച്ച ഘട്ടത്തിൽ എത്രപേർ അംഗത്വം എടുത്തിരുന്നു; ഇപ്പോൾ മൊത്തം എത്ര അംഗങ്ങളുണ്ട്; എത്രപേർ ഇനിയും അംഗത്വമെടുക്കാൻ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?